(സി) 06.25 കായംകുളം - ഗുരുവായൂർ ഫാസ്റ്റ്

06.30 കായംകുളം - ചക്കുളത്തുകാവ്

06.45 കായംകുളം - ഭരണിക്കാവ് എൻ.റ്റി.പി.സി

07.00 കായംകുളം - കോയമ്പത്തൂർ സൂപ്പർ എക്സ്പ്രസ്.

07.30 കായംകുളം - കോട്ടയം ഫാസ്റ്റ്.

(ഡി) ഒരെണ്ണം (ടി.എസ്. 533).

(ഇ) പുതുതായി നൽകിയ ബസിനു പകരം ഒരു പഴയ ബസ് പിൻവലിക്കുകയുണ്ടായി.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ഉണ്ട്.

ശബരിമല അയ്യപ്പഭക്തന്മാർക്ക് കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ

114 (1169) ശ്രീമതി ശോഭനാജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല അയ്യപ്പഭക്തന്മാർക്ക് ഈ സീസണിൽ കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയിരിക്കുന്ന യാത്രാസൗകര്യങ്ങൾ അപര്യാപ്തം ആണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അയ്യപ്പ ഭക്തന്മാർക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ശബരിമല സീസണിൽ ഈ വർഷം നാളിതുവരെ ഏറ്റവും കൂടുതൽ കളക്ഷൻ കിട്ടിയ ഡിപ്പോകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) വരുമാനത്തിന് ആനുപാതികമായി പ്രസ്തുത ഡിപ്പോകളുടെ വികസനത്തിന് കൂടുതൽ ഊന്നൽ നൽകുവാൻ കെ.എസ്.ആർ.ടി.സി. ക്ക് കഴിയുമോ എന്ന് വ്യക്തമാക്കാമോ ;

(ഇ) എങ്കിൽ ഡിപ്പോയുടെ വികസനത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉത്സവകേന്ദ്ര ഡിപ്പോകളായ തിരുവനന്തപുരം സെൻട്രൽ, കൊട്ടാരക്കര, പുനലൂർ, കൊട്ടാരക്കര, പത്തനംതിട്ട, ചെങ്ങന്നൂർ, അടൂർ, കോട്ടയം, പൊൻകുന്നം, എരുമേലി എന്നീ ഡിപ്പോകളിൽ സ്പെഷ്യൽ സർവ്വീസ് നടത്തുന്നതിനോടനുബന്ധിച്ച് കൂടുതൽ വാഹനങ്ങൾ ഇപ്പോൾത്തന്നെ നൽകിയിട്ടുണ്ട്.

(സി) ശബരിമല ഉത്സവം കഴിഞ്ഞതിനുശേഷം മാത്രമേ ഇതുസംബന്ധമായ കണക്കെടുപ്പ് നടത്താറുള്ളൂ.

(ഡി) ശബരിമല സീസണിലെ വരുമാനം മാത്രം കണക്കിലെടുത്ത് ഡിപ്പോകളിൽ കൂടുതൽ വികസനം നടത്തുകയെന്നത് പ്രായോഗികമല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

സഹകരണ ബാങ്കുകളുടെ സഹായത്തോടെ ബസുകൾ വാങ്ങാൻ നടപടി

115 (1170) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളുടെ സഹായത്തോടെ ഏതെല്ലാം ജില്ലകളിലാണ് ട്രാൻസ്പോർട്ട് ബസുകൾ വാങ്ങുവാൻ തീരുമാനിച്ചിരിക്കുന്നത് ;

(ബി) ഇതിന്റെ വ്യവസ്ഥ ഏത് ;

(സി) ഇത് മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) പാലക്കാട് ജില്ല സഹകരണ ബാങ്ക് മാത്രമേ വായ്പ അനുവദിച്ചിട്ടുള്ളൂ.

(ബി) (1) 13% പലിശ നിരക്കിലാണ് വായ്പ തുക അനുവദിക്കുന്നത്.

(2) 36 മാസംകൊണ്ട് വായ്പത്തുക പലിശയുൾപ്പെടെ തിരിച്ചടയ്ക്കണം.

(3) അതാതു ജില്ലകളിൽപ്പെടുന്ന ട്രാൻസ്പോർട്ട് ഡിപ്പോകളിൽ നിന്നുമാണ് വായ്പതുക ഉപയോഗിച്ച് വാങ്ങുന്ന വണ്ടികൾ സർവീസ് നടത്തേണ്ടത്.

(4) ബാങ്കിന്റെ വായ്പകൊണ്ട് വാങ്ങുന്ന വാഹനങ്ങളുടെ ദിവസംതോറുമുള്ള മൊത്തം വരുമാനം പ്രസ്തുത ബാങ്കിൽ കറണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. അതിൽ നിന്നും ഒരു വണ്ടിക്കു ദിവസം 1000 രൂപ പ്രകാരം ഒരാഴ്ചത്തേയ്ക്കുള്ള വിഹിതം കഴിച്ച് ബാക്കിത്തുക എട്ടാം ദിവസം കോർപ്പറേഷന്റെ അക്കൗണ്ടിൽ ട്രഷറിയിലേക്ക് മാറ്റം ചെയ്യുന്നതുമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly